# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2602

12.03.2018-ന് മറുപടിയ്ക്ക്

## അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്ക്കുളുകളിൽ വരുന്ന അദ്ധ്യയനവർഷം മുതൽ അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏതൊക്കെ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ; | (ബി) സ്കൂൾ തല SRG (സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്) യാണ് മാസ്റ്റർ പ്ളാനിന്റെ കരട് തയ്യാറാക്കുന്നത്. തദ്ദേശഭരണ പ്രതിനിധികൾ, ജന പ്രതിനിധികൾ ,രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, എസ്.എം.സി (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി), അദ്ധ്യാപക രക്ഷാകർത്തൃ സമിതി, ക്ലാസ്സ് പിടിഎ, വിദ്യാഭ്യാസ തത്പരരായവർ എന്നിവരിൽ നിന്നെല്ലാം നിർദ്ദേശം സ്വീകരിച്ചാണ് മാസ്റ്റർ പ്ളാൻ തയ്യാറാക്കിയത്. അപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ളാൻ അദ്ധ്യാപക രക്ഷകർത്തൃ സമിതി, വിദ്യാലയവികസന സമിതി, തദ്ദേശഭരണ പ്രതിനിധികൾ, പൂർവ്വാദ്ധ്യാപകർ, അതാതു പ്രദേശത്തെ വിദ്യാഭ്യാസ വിചക്ഷണർ, സാമൂഹിക/ സാംസ്കാരിക പ്രവർത്തകർ, വിദ്യാഭ്യാസ തത്പരരായ നാട്ടുകാർ എന്നിവരുടെ മുൻപിൽ അവതരിപ്പിച്ച് ചർച്ച ചെയ്താണ് അന്തിമരൂപം നൽകിയത്. |

(സി) പഠനം ആസ്വാദ്യകരമാക്കുന്നതിന് അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതോടുകൂടി സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

(സി) ഉണ്ട്.

അക്കാദമിക മാസ്റ്റർ പ്ളാനിൽ പഠനത്തോടൊപ്പം ഭാഷാ വികസനം, 'ഗണിത വിജയം', 'സുരീലി ഹിന്ദി', 'മലയാളത്തിളക്കം', 'ലിറ്റിൽ ഗലീലിയോ', 'ഹായ് കുട്ടിക്കൂട്ടം', 'ഗണിതവിജയം', കുട്ടികളുടെ രംഗവേദികൾ, കുട്ടികളുടെ ആകാശവാണി സംവേദസദസ്സുകൾ, സർഗ്ഗാത്മക നാടകപ്രവർത്തനങ്ങൾ, ബാലസഭ/ബാലസാഹിത്യം, കുട്ടികളുടെ **ചലച്ചിത്രങ്ങൾ, ഐറ്റി സാധ്യതകൾ** പ്രയോജനപ്പെടുത്തൽ, പ്രവൃത്തി പരിചയം, കലാപരിശീലനം, ആരോഗ്യകായിക വിദ്യാഭ്യാസം, ഹരിത പരിസരം എന്നിവയെല്ലാം മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുന്നു. ഇവയെല്ലാം പഠനം മെച്ചപ്പെടുത്തുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ